പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 354 — 02.12.2014-ൽ മറുപടിയ്ക്ക്

# ആർ. ജി. വി. വൈ പദ്ധതി

| ചോദ്യം<br>ശ്രീ. ബി. സത്യൻ : | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
|---|---|
| (എ) കേന്ദ്ര പദ്ധതിയായ ആർ. ജി. വി. വൈ പദ്ധതിയുടെ കാലാവധി അവസാനിച്ചോ ; | (എ) ആർ.ജി.ജി.വി.വൈയുടെ കാലാവധി അവസാനിച്ചിട്ടില്ല. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ഇനിയും വൈദ്യുതി നൽകുവാൻ കഴിയുമോ ; | (ബി) പ്രസ്തുത പദ്ധതിപ്രകാരം 30.11.2014 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് വേണ്ട നിർദ്ദേശം ബോർഡ് നൽകിയിട്ടുണ്ട്. |
| (സി) ഇതിനകം സംസ്ഥാനത്ത് എത്ര കോടി രൂപ ഈ പദ്ധതി വഴി ചെലവഴിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ; | (സി) ഏകദേശം 149 കോടി രൂപയുള്ള പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്<br>പത്താം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തി ഈ പദ്ധതിപ്രകാരം ഇടുക്കി ജില്ലയിൽ 20 കോടി രൂപയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചു<br>പതിനൊന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തി ശേഷിക്കുന്ന 13 ജില്ലകളിൽ ഇതുവരെയായി 129 കോടി രൂപയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) ഈ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ബി. പി. എൽ, എ. പി. എൽ വേർതിരിവ് ഒഴിവാക്കിക്കൊണ്ട് അർഹത നിശ്ചയിക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിനെ ചുമതലപ്പെടുത്തുന്നതിനും തദ്ദേശ ഭരണ സ്ഥാപന ശുപാർശ ചെയ്യുന്ന പ്രകാരം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | (ഡി) ആർ.ജി.ജി.വി.വൈ പദ്ധതിക്കുവേണ്ടി കേന്ദ്ര സർക്കാർ തയ്യാറാക്കിയ മാനദണ്ഡം അനുസരിച്ച് മാത്രമേ പദ്ധതി പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് കഴിയുകയുള്ളൂ. ഗുണഭോക്താക്കൾക്ക് ബി.പി.എൽ. എ.പി.എൽ വേർതിരിവ് ഒഴിവാക്കിക്കൊണ്ട് അർഹത നിശ്ചയിക്കുന്നതിനായി തദ്ദേശഭരണസ്ഥാപനത്തിനെ ചുമതലപ്പെടുത്തുന്നതിനും തദ്ദേശഭരണ സ്ഥാപനം ശുപാർശ ചെയ്യുന്ന പ്രകാരം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനും തുടർ ആർ.ജി.ജി.വി.വൈ പദ്ധതി നടപ്പിലാക്കുന്ന ഘട്ടത്തിൽ പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.